LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് വിവിധ ഘടകങ്ങൾ നടപ്പിലാക്കി. ജൈവകൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി രീതികൾ അവലംബിക്കുവാൻ പ്രോത്സാഹനം നൽകി. നിലവിലുള്ള ക്ലസ്റ്ററുകളെ ശാക്തീകരിച്ചും പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ചും ക്ലസ്റ്റർ വികസനം നടപ്പിലാക്കി വരുന്നു. ജൈവവള നിർമ്മാണം, പച്ചില വളം കൃഷി തുടങ്ങിയവയ്ക്ക് പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ മികച്ച നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്യാനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ ഭൂരിഭാഗം കർഷകരും ജൈവകൃഷി രീതികൾ അവലംബിക്കുന്നവരാണ്. 2013-14-ൽ ജില്ലയിലെ 41 പഞ്ചായത്തുകളിലും ജൈവകൃഷി വ്യാപിപ്പിച്ചു. 12,000 റ്റൗൽ കമ്പോസ്റ്റുകളും 423 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 187 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി അഞ്ച് ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു. 2014-15 വർഷം ഓരോ കൃഷി ഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കുന്നു. കൂടാതെ റ്റൗൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷിക്ക് ജൈവകീടനാശിനിയായ നന്മയുടെ ഉപയോഗം, ജീവാമൃതം, ജൈവ വേലി, ബയോഗ്യാസ് പ്ലാന്റുള്ളവർക്ക് സ്ലറി പമ്പ്, മത്സ്യം വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കാർഷിക പദ്ധതി

163 (1538) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കൃഷിവകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കൃഷിഭവനുകളിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നീര

164 (1539) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തെങ്ങിൽ നിന്ന് നീരയും നീരയിൽ നിന്നുള്ള മറ്റുമൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണയിലെത്തിക്കുന്നതിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ പ്രകൃതിദത്തവും ലഹരിവിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

(സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു.